# കേരള സർവകലാശാല

നം.പി.ആർ.80/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രോജക്റ്റ്/ ഡെസർട്ടേഷൻ സമർപ്പണം

2020 മെയ് മാസം നടത്തുന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ് പരീക്ഷയോട് അനുബന്ധിച്ച് സമർപ്പിക്കേണ്ട പ്രോജക്റ്റ് റിപ്പോർട്ട്/ ഡെസർട്ടേഷൻ എന്നിവ 2020 മെയ് 29 ന് മുമ്പായി അതത് കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്.

### ടൈംടേബിൾ

2020 മെയ് 21 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.ബി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യു/ബി.വോക് (റെഗുലർ 2017 അഡ്മിഷൻ , സപ്ലിമെന്ററി 2014,2015,2016 അഡ്മിഷൻ, മേഴ്‌സി ചാൻസ് 2013 അഡ്മിഷൻ)പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഗ്രൂപ്പ് 2 (a) ബി.എ പരീക്ഷകൾ രാവിലെയും മറ്റ് പരീക്ഷകൾ ഉച്ചയ്ക്ക് ശേഷവും നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷ ഫീസ്

2020 മെയ് മാസം നടത്തുന്ന എസ്.ഡി.ഇ ബി.എ /ബി.കോം/ബി.എസ്.സി (മാത്തമറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്)/ബി.സി.എ. സി.എസ്.എസ് (2017 അഡ്മിഷൻ),അഞ്ചും ആറും സെമസ്റ്റർ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ മെയ് 18 നു ആരംഭിക്കും. മെയ് 20 വരെ പിഴ കൂടാതെയും 150 രൂപ പിഴയോടെ മെയ് 22 വരെയും 400 രൂപ അധിക പിഴയോടെ മെയ് 23 വരേയും ഫീസ് അടയ്ക്കാവുന്നതാണ്. ഓൺലൈനായി മാത്രമേ ഫീസ് സ്വീകരിക്കുകയുള്ളു. https://pay.keralauniversity.ac.in/ എന്ന ലിങ്ക് ഉപയോഗിച്ച് പരീക്ഷ ഫീസ് ഒടുക്കാവുന്നതാണ്.

തിരുവനന്തപുരം
14.05.2020

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098